## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2034** **09-02-2023 - ൽ മറുപടിയ്ക്ക്**

## പോപ്പുലർ ഫ്രണ്ട് ഹർത്താലിനെ തുടർന്നുള്ള സ്വത്ത് കണ്ടുകെട്ടൽ നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോപ്പുലർ ഫ്രണ്ട് ഹർത്താലുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനുണ്ടായ നഷ്ടം നികത്തുന്നതിനായി സ്വത്ത് കണ്ടു കെട്ടുന്നതിനുള്ള വ്യക്തികളുടെ പട്ടിക തയ്യാറാക്കിയത് ഏതു വകുപ്പാണെന്ന് വിശദമാക്കുമോ; | (എ) | ബഹു.കേരള ഹൈക്കോടതിയുടെ 18.01.2023 ലെ ഉത്തരവ് പ്രകാരം, WP(C)244/2019 നമ്പർ കേസിലെ 12,13എതിർ കക്ഷികളുടെയും പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യ എന്ന സംഘടന ഭാരവാഹികളുടെയും സ്ഥാവര സ്വത്തുക്കൾ റവന്യ റിക്കവറി നിയമത്തിലെ 35 ാം വകുപ്പ് പ്രകാരം ജപ്തി ചെയ്ത് ലേല നടപടികൾ കൈക്കൊള്ളുന്നതിന് ഉത്തരവായിരുന്നു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ പോപ്പുലർ ഫ്രണ്ട് സംഘടനാ ഭാരവാഹികളുടെ ലിസ്റ്റ് പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ വസ്തുവകകളുടെ വിശദാംശങ്ങൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അറ്റാച്ച്മെന്റ് നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനായി ആഭ്യന്തര വകുപ്പിൽ നിന്നും ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നല്കുകയും ചെയ്തിരുന്നു.<br><br>വ്യക്തികളുടെ സ്വത്തു കണ്ടുകെട്ടുന്നതിനായി തയ്യാറാക്കിയ പട്ടികയുടെ വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.<br><br>സംസ്ഥാനത്തൊട്ടാകെ 209 സ്വത്തുക്കൾ ജപ്തി ചെയ്തിരുന്നു. പ്രസ്തുത ജപ്തി നടപടികളെ തുടർന്ന് ലഭിച്ച പരാതികൾ അതാത് ജില്ലാ പോലീസ് മേധാവികൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടർമാർക്ക് നല്കുകയും ജില്ലാ കളക്ടർമാരിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 160 വ്യക്തികളുടെ പേരിൽ നിലവിൽ ജപ്തി നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | എത്ര വ്യക്തികളുടെ സ്വത്ത് കണ്ടുകെട്ടുന്നതിനാണ് പട്ടിക തയ്യാറാക്കിയതെന്ന് ജില്ല തിരിച്ചുള്ള | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | കണക്ക് ലഭ്യമാക്കുമോ; | | |
| (സി) | സ്വത്ത് കണ്ടുകെട്ടുന്നതിന് എന്ത് മാനദണ്ഡപ്രകാരമാണ് നടപടി സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദമാക്കുമോ; | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഹർത്താലിനെ തുടർന്ന് സംസ്ഥാനത്തിന് എത്ര രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയതു വിശദമാക്കാമോ; | (ഡി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തിന്റെ നഷ്ടം നികത്തുന്നതിനായി ഇതിനോടകം എത്ര രൂപയുടെ സ്വത്ത് കണ്ടു കെട്ടിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ഇ) | വിശദവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (എഫ്) | ഓരോ ജില്ലയിൽ നിന്നും എത്ര തുകക്കുള്ള സ്വത്തുക്കൾ കണ്ടു കെട്ടിയിട്ടുണ്ടെന്നും എത്ര പേരുടെ സ്വത്തുക്കളാണ് കണ്ടു കെട്ടിയിട്ടുള്ളതെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (എഫ്) | (ഇ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ജില്ല | അറ്റാച്ച് ചെയ്ത വസ്തുവകകളുടെ എണ്ണം |
|---|---|
| | |
| ആലപ്പുഴ | 5 |
| എറണാകുളം | 6 |
| ഇടുക്കി | 6 |
| കണ്ണൂർ | 8 |
| കാസർഗോഡ് | 6 |
| കൊല്ലം | 1 |
| കോട്ടയം | 5 |
| കോഴിക്കോട് | 22 |
| മലപ്പുറം | 87 |
| പാലക്കാട് | 23 |
| പത്തനംതിട്ട | 6 |
| തിരുവനന്തപുരം | 5 |
| തൃശ്ശൂർ | 18 |
| വയനാട് | 11 |
| ആകെ | 209 |

അനുബന്ധം – 2

കണ്ടുകെട്ടിയ സ്വത്ത് വിവരം .

| ക്രമ നമ്പർ | ജില്ല | എണ്ണം | തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 5 | 7515411 |
| 2 | കൊല്ലം | 1 | 7938864 |
| 3 | പത്തനംതിട്ട | 6 | 8238377 |
| 4 | ആലപ്പുഴ | 5 | 6930972 |
| 5 | കോട്ടയം | 4 | 13872647.98 |
| 6 | ഇടുക്കി | 6 | 12776983 |
| 7 | എറണാകുളം | 5 | 16473079 |
| 8 | തൃശ്ശൂർ | 18 | 11459318 |
| 9 | പാലക്കാട് | 22 | 51267277 |
| 10 | മലപ്പുറം | 53 | 75300000 |
| 11 | കോഴിക്കോട് | 10 | 11675257 |
| 12 | വയനാട് | 11 | 17909111 |
| 13 | കണ്ണൂർ | 8 | 29430811 |
| 14 | കാസർകോഡ് | 6 | 16447234 |
| | ആകെ | 160 | 287235341.98 |